# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2386

## 06-12-2018 ൽ മറുപടിക്ക്

### കിഫ്ബി ഫണ്ട് സമാഹരണം

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി ഫണ്ട് സമാഹരണത്തിന് ഏതെല്ലാം വഴികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;<br>(ബി) നാളിതുവരെ സർക്കാരിൽ നിന്ന് പുറത്തുള്ള ഫണ്ട് സമാഹരണം വഴി കിഫ്ബിക്ക് എത്ര കോടി രൂപ ലഭിച്ചു എന്ന് വിശദമാക്കാമോ; അവ ഏതൊക്കെ മാർഗ്ഗങ്ങളിലാണ് ലഭിച്ചതെന്ന് വിശദമാക്കാമോ? | കിഫ്ബി ഫണ്ട് സമാഹരണത്തിനായി വിദേശ നിക്ഷേപത്തിലൂടെയുള്ള ധനസമാഹരണത്തിന്റെ ആദ്യഘട്ടമായി സിംഗപ്പൂർ, യു.കെ എന്നീ വിദേശ രാജ്യങ്ങളിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനായി കിഫ്ബിയുടെ മുപ്പത്തിയൊന്നാമത് ബോർഡ് യോഗം തീരുമാനിക്കുകയും ആക്സിസ് ബാങ്കിനെ അഡ്വൈസറായി നിയമിക്കുകയും ചെയ്തു. മസാല ബോണ്ട് പുറപ്പെടുവിക്കുന്നതിന്റെ തുടർ നടപടികൾക്കായി DLA Piper, Cyril Amarchand Mangal Das, HSBC എന്നിവരെ യഥാക്രമം International Legal Counsel, Domestic Legal Counsel, Trustee എന്നീ സ്ഥാനങ്ങളിലും Fitch, S&P എന്നീ ഏജൻസികളെ റേറ്റിംഗ് ഏജൻസികളായും നിയമിച്ചു. മസാല ബോണ്ടുകൾ വഴി മൂന്ന് വർഷക്കാലയളവിൽ 5,000 കോടി രൂപ സമാഹരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിൽ 2,672.80 കോടി രൂപ സമാഹരിക്കുന്നതിനുള്ള പ്രാഥമികാനുമതി റിസർവ്വ് ബാങ്കിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ഇതിനു പുറമെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് എന്ന പേരിൽ ഒരു അസറ്റ് മാനേജ്മെന്റ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകാരമുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങളായ AIF, InVIT, IDF എന്നിവ പ്രയോജനപ്പെടുത്താനുമുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു. കിഫ്ബി പദ്ധതികളുടെ നടത്തിപ്പിന് ഒരു വ്യത്യസ്ത ധനസമാഹരണ മാർഗ്ഗമായി കെ.എസ്.എഫ്.ഇ യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ വിവിധ ബാങ്കുകളും കിഫ്ബിക്കാവശ്യമായ ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ |

| | |
|---|---|
| | നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണപുരോഗതി പ്രകാരമാണ് കിഫ്ബി ആവശ്യമായ ധനസമാഹരണം നടത്തുന്നത്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവഹണക്രമം, റേറ്റിങ്ങ്, മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണം അനായാസം സാധ്യമാണ്. 25.04.2017 ൽ കൂടിയ കിഫ്ബിയുടെ 7-ാം മത് എക്സിക്യൂട്ടീവ് കമ്മറ്റി യോഗം ബാങ്കുകളിൽ നിന്നും 1000 കോടിയുടെ ദീർഘകാല വായ്പ സ്വീകരിക്കുവാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ ദേശസാൽകൃത ബാങ്കുകളിൽ നിന്നും ദർഘാസുകൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് വിവിധ ബാങ്കുകളിൽ നിന്നും ലഭ്യമായ ദർഘാസുകൾ കിഫ്ബിയുടെ 9-ാമത് എക്സിക്യൂട്ടീവ് കമ്മറ്റി യോഗവും 33-ാമത് ബോർഡ് യോഗവും വിലയിരുത്തുകയും നിലവിൽ അനുമതി നൽകിയ 1000 കോടിക്ക് പകരം 3000 കോടി രൂപ വായ്പയായി സ്വീകരിക്കുന്നതിന് ബോർഡ് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.നബാർഡിൽ നിന്നും NIDA പദ്ധതിയിലൂടെ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ ആദ്യഗഡുവായി 100.8 കോടി രൂപ കിഫ്ബിക്ക് ലഭിച്ചിട്ടുണ്ട്. കിഫ്ബി പുന:സംഘടിപ്പിച്ചശേഷം നാളിതുവരെ സർക്കാരിൽ നിന്നുള്ള ഫണ്ടിനു പുറമെ (2018 നവംബർ 30 വരെ) 102.84 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**2018 നവംബർ 22 വരെ കിഫ്ബി സമാഹരിച്ച തുക ( തുക ₹ കോടിയിൽ)**

| സമാഹരണം | 2015-16 | 2016-17 | 2017-18 | 2018-19 | ആകെ |
|---|---|---|---|---|---|
| നബാർഡ് ലോൺ | - | - | 100.8 | - | 100.8 |
| KSFE ക്ക് വേണ്ടി രൂപകൽപന ചെയ്ത ബോണ്ട് വഴിയുള്ള സമാഹരണം | - | - | - | 2.04 | 2.04 |
| ആകെ | | | | | 102.84 |

സെക്ഷൻ ഓഫീസർ